**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1056** **06-10-2021 - ൽ മറുപടിയ്ക്ക്**

**സുരക്ഷിതമായ മത്സ്യവിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യവിപണനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യവിപണനം നടത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ മുഖേന അടച്ചുറപ്പുള്ള ശുചിത്വ പൂർണ്ണമായ ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 38 ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട് . ആയതിൻറെ പരിപാലനവും നടത്തി പ്പും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനാണ്. പുതിയതായി കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 120.57 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട് . പ്രസ്തുത മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന കൊല്ലം, ആലപ്പുഴ ജില്ലകളിലായി മൂന്ന് മത്സ്യമാർക്കറ്റുകൾ നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ